# സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

ടാക്സ് ടവർ , കരമന
29/07/2020 കിള്ളിപ്പാലം , തിരുവനന്തപുരം

---

## പത്രക്കുറിപ്പ്

## കോവിഡ് -19 : ചരക്ക് സേവന നികുതി വകുപ്പ് ആംനസ്റ്റി പദ്ധതി സെപ്റ്റംബർ 30 വരെ നീട്ടി

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ ലോക്ക് ഡൗൺ സാഹചര്യങ്ങൾ പരിഗണിച്ച് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ആംനസ്റ്റി പദ്ധതിയിലേക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി സെപ്റ്റംബർ 30 വരെ നീട്ടി .

കോവിഡ് - 19 നെ തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ലോക്ക് ഡൗൺ, കണ്ടൈൻമെൻറ് സോൺ സാഹചര്യം നിലനിൽക്കുന്നതിനാൽ ആംനസ്റ്റി പദ്ധതിയിൽ അപേക്ഷിക്കാൻ തടസ്സം നേരിടുന്നതായുള്ള വ്യാപാരികളുടെ പരാതി പരിഗണിച്ചാണ് ആംനസ്റ്റി പദ്ധതിയിലേക്ക് അപേക്ഷിക്കുവാനുള്ള തീയതി ദീർഘിപ്പിച്ചത്.

ഈ പദ്ധതി പ്രകാരം കേരള മൂല്യ വർദ്ധിത നികുതി, കേന്ദ്ര വില്പന നികുതി, ആഡംബര നികുതി , കാർഷികാദായ നികുതി , കേരള പൊതു വില്പന നികുതി , സർചാർജ് , എന്നീ നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾക്ക് ഈ പദ്ധതി ബാധകമാണ് . ഈ പദ്ധതി സ്വീകരിക്കുന്നതിലേക്കായി നികുതി കുടിശ്ശികയുള്ള വ്യാപാരികൾ നികുതി വകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റായ www.keralataxes.gov.in സന്ദർശിച്ച് ഒറ്റത്തവണ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. അതിനു ശേഷം നികുതി കുടിശ്ശികയുള്ള വ്യാപാരികൾക്ക് പ്രസ്തുത വെബ്സൈറ്റ് ലോഗിൻ ചെയ്താൽ അവരുടെ താല്ക്കാലികമായി തിട്ടപ്പെടുത്തിയ കുടിശ്ശിക വിവരങ്ങൾ കാണാം . കുടിശ്ശിക വിവരങ്ങൾ ശരിയാണെങ്കിൽ ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത കുടിശ്ശികയെക്കാൾ കൂടുതൽ കുടിശ്ശിക നിലവിലുണ്ടെങ്കിലോ , കാണിച്ചിരിക്കുന്നതിനേക്കാൾ കുറവുണ്ടെങ്കിലോ ,

കുടിശ്ശിക വിവരങ്ങൾ സ്വയം തിട്ടപ്പെടുത്തി എഡിറ്റ് ചെയ്തു അപേക്ഷ സമർപ്പിക്കേണ്ടതാണ് . പ്രസ്തുത ഓപ്ഷൻ നികുതി നിർണ്ണയ അധികാരി പരിശോധിച്ചു അംഗീകരിച്ച ശേഷം ഓൺലൈനായി കുടിശ്ശിക ഒടുക്കാവുന്നതാണ് . കുടിശ്ശികകൾ 2021 മാർച്ച് 31 ന് മുൻപ് അടച്ചു തീർക്കണം . പുതുതായി ഡിമാൻഡ് നോട്ടീസ് ലഭിക്കുന്ന വ്യാപാരികൾ നോട്ടീസ് ലഭിച്ച് 30 ദിവസത്തിന് ഉള്ളിൽ ഓപ്ഷൻ സമർപ്പിക്കണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മിഷണർ അറിയിച്ചു .

## ആംനസ്റ്റി പദ്ധതി പ്രധാന ആകർഷണങ്ങൾ

1 . പിഴയിലും പലിശയിലും 100 % ഇളവ് .

2 . കുടിശ്ശിക ഒരുമിച്ചു അടക്കുന്നവർക്കു നികുതി കുടിശ്ശികയുടെ 60 % ഇളവ് .

3 . കുടിശ്ശിക തവണകളായി അടക്കുന്നവർക്കു 50 % ഇളവ് .

4 . വകുപ്പുതല അപ്പീൽ ഉൾപ്പടെയുള്ള കേസുകൾക്ക് ആംനസ്റ്റി ബാധകം .

5 . ഡിമാൻഡ് നോട്ടീസിന് ശേഷം അടച്ചിട്ടുള്ള എല്ലാ നികുതിയും പലിശയും നികുതിയിന്മേൽ ക്രെഡിറ്റ് നൽകുന്നതാണ്.

6 . മുൻപ് പ്രഖ്യാപിച്ച ആംനെസ്റ്റിയിൽ കുടിശ്ശിക അടക്കാൻ കഴിയാത്തവർക്കും ഈ സ്കീം തിരഞ്ഞെടുക്കാവുന്നതാണ്.

7. മുൻപ് പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീം പ്രകാരം ഏതെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിൽ ഈ സ്കീമിൽ വക കൊള്ളിക്കും .

8. റെവന്യൂ റിക്കവറി നടപടികൾ തുടരുന്ന കേസുകളിൽ പദ്ധതി സ്വീകരിച്ചാൽ കളക്ഷൻ ഫീസ് ഈടാക്കുന്നതല്ല.

**Sd/-**

**COMMISSIONER**